**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1552 16/03/2015-ൽ മറുപടിയ്ക്ക്

# ജൈവ പച്ചക്കറികൃഷി വികസനം

ചോദ്യം
**ശ്രീ. എം. ചന്ദ്രൻ**

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

എ) ജൈവ പച്ചക്കറികൃഷി വികസനത്തിനായി എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ;

എ) ജൈവ പച്ചക്കറി കൃഷിക്ക് പ്രാമുഖ്യം നല്കികൊണ്ട് 2012-13 മുതൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു.

2014-15-ൽ നടപ്പിലാക്കുന്ന പദ്ധതി ഘടകങ്ങളുടെ വിശദവിവരങ്ങൾ ഇതോടൊപ്പം നല്കുന്നു.

| ക്രമ നം. | പച്ചക്കറി വികസന പദ്ധതി - ഘടകങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | **പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക** - 20 രൂപ വിലയുള്ള 50 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും 5 ലക്ഷം കിറ്റുകൾ വീട്ടമ്മമാർ മുഖേനയും, പുരയിട കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സൗജന്യമായി നല്കിയിട്ടുണ്ട്. കൂടാതെ 181.82 ലക്ഷം പച്ചക്കറി തൈകളും കൃഷിയ്ക്കായി വിതരണം ചെയ്യുന്നു. | 500 |
| 2. | **അർബൻ ക്ലസ്റ്റർ പ്രോത്സാഹനം** 2000/- രൂപ വിലയുള്ള 34784 ഗ്രോബാഗ് യൂണിറ്റുകൾ 75% സബ്സിഡി നിരക്കിൽ മട്ടുപ്പാവ് കൃഷിയ്ക്കായി വിതരണം ചെയ്യു. | 525 |
| 3. | വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി | 300 |

| | | |
|---|---|---|
| | (എ) തെരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി 4000/- രൂപ സഹായധനം(100 ലക്ഷം).<br>(ബി) വിദ്യാലയങ്ങളിൽ 400 ജലസേചന യൂണിറ്റുകൾ(40 ലക്ഷം).<br>(സി) 2500 വിദ്യാലയങ്ങളിൽ ക്ലബ്ബുകളുടെ പ്രവർത്തനം(25 ലക്ഷം).<br>(ഡി) പ്രോജക്ടിസ്ഥാനത്തിൽ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി (135 ലക്ഷം). | |
| 4. | **ജില്ലാ ക്ലസ്റ്റർ വികസനം.**<br>(എ) തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 800 കാര്യക്ഷമമായ ക്ലസ്റ്ററുകളുടെ വികസനം (ക്ലസ്റ്ററിന് 75,000/- രൂപ നിരക്കിൽ ആകെ 600 ലക്ഷം)<br>(ബി) സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ (ഹെക്ടറിന് 15,000/ രൂപ നിരക്കിൽ) വികസന സഹായം (435 ലക്ഷം).<br>(സി) പമ്പ് സെറ്റുകൾ 1720 പമ്പ് സെറ്റുകൾക്ക് 10,000 രൂപ നിരക്കിൽ സഹായധനം.<br>(ഡി) സസ്യ സംരക്ഷണ ഉപാധികൾ 1000 യൂണിറ്റിന് 1500 രൂപ നിരക്കിൽ സഹായധനം.<br>(ഇ) ഇന്നവേഷൻ ഫണ്ട് - ക്ലസ്റ്ററുകളിലെ നൂതനവും ജൈവവുമായ പ്രവർത്തനങ്ങൾക്കായി ഓരോ ജില്ലയ്ക്കും 3 ലക്ഷം രൂപ.<br>(എഫ്) തരിശു നില കൃഷി ഹെക്ടറിന് 30,000/ രൂപ നിരക്കിൽ 500 ഹെക്ടറിന് ധനസഹായം.<br>(ജി) പ്രസിദ്ധീകരണങ്ങൾ / മാധ്യമങ്ങൾ വഴി 20 രൂപ വിലയുള്ള 5 ലക്ഷം വിത്തു പായ്ക്കറ്റുകളുടെ വിതരണം. | 1780 |

| | | |
|---|---|---|
| 5. | **'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം**<br>(എ). നടപ്പു വർഷത്തിലെ 100 പ്രവർത്തന ക്ഷമമായ ക്ലസ്റ്ററുകൾക്ക് ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ 6.3 ലക്ഷം രൂപ നിരക്കിൽ ധനസഹായം.<br>(ബി) 2013-14-ൽ ഗ്രേഡ് ചെയ്യപ്പെട്ട ക്ലസ്റ്ററുകൾക്ക് 2 ലക്ഷം രൂപ നിരക്കിൽ ധനസഹായം.<br>(സി) ഗ്രേഡ് ചെയ്യപ്പെടാത്ത കാര്യക്ഷമമായ 600 ക്ലസ്റ്ററുകൾക്ക് 1.5 ലക്ഷം രൂപ നിരക്കിൽ ഉൽപാദനത്തിനും, വിപണനത്തിനുമുള്ള ധനസഹായം. | 1730 |
| 6. | **സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം.**<br>തിരഞ്ഞെടുക്കപ്പെട്ട 238 ക്ലസ്റ്ററുകളിൽ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ സൂക്ഷ്മ മൂലകങ്ങളുടെ വള പ്രയോഗം. | 50 |
| 7. | **ബ്ലോക്കു തല ഫെഡറേറ്റഡ് സമിതികൾ** - 2013-14, 2014-15 രൂപീകരിക്കപ്പെട്ട 40 ബ്ലോക്കു തല ഫെഡറേറ്റഡ് സമിതികൾക്ക് 2 ലക്ഷം രൂപ നിരക്കിൽ സംഭരണ വിപണന സഹായധനം. | 400 |
| 8. | **കിഴങ്ങു പയറുവിള വികസനം**<br>എ) കിഴങ്ങുവിള വികസനം -75 ലക്ഷം രൂപ സി.റ്റി.സി.ആർ.ഐ മുഖേന. (പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ)<br>(ബി) പയറുവിള വികസന (25 ലക്ഷം രൂപ) ഹെക്ടറിന് 10,000/ രൂപ നിരക്കിൽ 250 ഹെക്ടറിന് സഹായം - (പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകളിൽ) | 100 |
| 9. | നഴ്സറികളുടെ സ്ഥാപനം - ബ്ലോക്കുതലത്തിൽ 5 ലക്ഷം രൂപ ധനസഹായം നൽകി 15 നഴ്സറികൾ | 75 |

| | | |
|---|---|---|
| 10. | മഴമറകൾ - 75% നിരക്കിൽ 200 മഴമറകൾക്ക് 50,000/- രൂപ വീതം ധനസഹായം. | 100 |
| 11. | സങ്കരവിത്തിനങ്ങളുടെ പ്രദർശനത്തോട്ടം-225 യൂണിറ്റുകൾക്ക് ധനസഹായം. | 25 |
| 12. | സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വള പ്രയോഗവും - 1400 യൂണിറ്റുകൾക്ക് 30,000/- രൂപ വീതം ധനസഹായം നൽകുന്നു. | 425 |
| 13. | മാനന്തവാടി ബ്ലോക്കിലെ ആദിവാസി ഊരുകളിൽ ജൈവ പച്ചക്കറി കൃഷി | 7.62 |
| 14. | മാധ്യമങ്ങൾ വഴിയുള്ള വിത്ത് വിതരണം- മലയാള മനോരമ, മാതൃഭൂമി എന്നിവ മുഖേന 5 ലക്ഷം വിത്ത് പാക്കറ്റുകൾ കൃഷിയ്ക്കായി വിതരണം ചെയ്തു. | 100 |
| 15. | എൻ.ജി.ഒ കൾ മുഖേന വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനായി 20 രൂപയുടെ 2.5 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ നല്കി. | 50 |

ജൈവ പച്ചക്കറി കൃഷിക്ക് പ്രാമുഖ്യം നല്കികൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ജൈവ പച്ചക്കറി കൃഷി രീതികളെ പറ്റി ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ "സുരക്ഷിത പച്ചക്കറി കൃഷിക്ക് ഒരു മാർഗ്ഗരേഖ" എന്ന കൈപുസ്തകം സംസ്ഥാനത്തെ സ്കൂളുകൾ, കൃഷി ഭവനുകൾ എന്നിവ മുഖേന വിതരണം ചെയ്തിട്ടുണ്ട്. ജൈവപച്ചക്കറി സംബന്ധിച്ച ലഘു ലേഖകളും പരിശീലന പരിപാടികളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു.

ജൈവപച്ചക്കറികൃഷി വ്യാപകമാക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ മുൻ വർഷങ്ങളിലെ പോലെ 2014-15 സാമ്പത്തിക വർഷത്തിലും വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം, എറണാകുളം,

കോഴിക്കോട്, പാലക്കാട്, കണ്ണൂർ, മലപ്പുറം, ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്ന പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പരിപാടികൾ ചുവടെ ചേർക്കുന്നു.

1. സന്നദ്ധ സംഘടനകൾ, കർഷക കൂട്ടായ്മകൾ എന്നിവർക്കായി ജൈവ കൃഷി രീതികൾ പരിചയപ്പെടുത്തുവാനും ബോധവത്ക്കരിക്കുവാനും വേണ്ടിയുള്ള പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുന്നു.
2. 3136 ഹെക്ടർ തുറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷിയ്ക്കായി 14 ജില്ലകളിലും 627.2 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.
3. 160 ഹെക്ടറിൽ സങ്കരയിനം പച്ചക്കറികളുടെ ഉത്പാദനത്തിനായി 32 ലക്ഷം രൂപ നൽകുന്നു.

വീടുകളിൽ വിഷവിമുക്തമായി പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിന് വിവിധയിനം പച്ചക്കറി തൈകൾ സൗജന്യമായി സന്നദ്ധ സംഘടകൾക്കും സ്ഥാപനങ്ങൾക്കും വിതരണം ചെയ്തു. ജൈവകൃഷി രീതികൾ പ്രതിപാദിക്കുന്ന പച്ചക്കറികൃഷി സഹായി എന്ന കൈപ്പുസ്തകം വിവിധ റസിഡന്റ്സ് അസോസിയേഷനുകൾക്കും സന്നദ്ധ സംഘടനകൾക്കും വിതരണം നടത്തി വരുന്നു.

2014-15 സാമ്പത്തിക വർഷം 1250 ഹെക്ടറിൽ ജൈവ പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ പദ്ധതി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കിയിട്ടുണ്ട്. ഹെക്ടറിന് 15,000/- രൂപ വീതം ധനസഹായം കർഷകർക്ക് നല്കിയിട്ടുണ്ട്. ആറായിരത്തോളം കർഷകർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമായത്.

ബി) ഇതിന്റെ ഫലമായി കഴിഞ്ഞ വർഷം എത്ര ടൺ ജൈവ പച്ചക്കറി ഉല്പാദിപ്പിക്കുവാൻ സാധിച്ചുവെന്നുള്ളതിനുള്ള കണക്ക് ലഭ്യമാണോ; വ്യക്തമാക്കുമോ;

ബി) ജൈവ കൃഷിക്ക് പ്രാമുഖ്യം കൊടുത്ത് നടപ്പിലാക്കുന്ന പച്ചക്കറി വികസന പദ്ധതിയിലൂടെ 2013-14-ൽ ആകെ 3.1 ലക്ഷം ടൺ പച്ചക്കറി ഉല്പാദിപ്പിച്ചിട്ടുണ്ട്.

സി) കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവ പച്ചക്കറിക്ക് മതിയായ വില ലഭിക്കുന്നതിന് എന്തെങ്കിലും സൗകര്യങ്ങൾ ചെയ്തു നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

സി) കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവ പച്ചക്കറിക്ക് മതിയായ വില ലഭിക്കുന്നതിന് ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതിയുടെയും "എ" ഗ്രേഡ് ക്ലസ്റ്ററുകളുടേയും കീഴിൽ സംഭരണ, വിപണന കേന്ദ്രങ്ങൾ എല്ലാ ജില്ലയിലും പ്രവർത്തിച്ചു വരുന്നു. കർഷകർക്ക് ന്യായമായ വില ലഭ്യമാകുന്നതരത്തിൽ പച്ചക്കറി സംഭരിച്ച് പ്രധാന കേന്ദ്രങ്ങളിൽ വിപണനം നടത്തിവരുന്നു.

ജൈവകൃഷിയിലൂടെ ഉത്പാദിപ്പിച്ച പച്ചക്കറികൾ വിപണികളിൽ എത്തിക്കുവാനും മതിയായ വില ലഭിക്കുന്നതിനും 50 ശതമാനം സബ്സിഡി നൽകികൊണ്ട് സഞ്ചരിക്കുന്ന വിൽപ്പന വണ്ടികൾ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് എന്ന പദ്ധതി വഴി കർഷകർക്ക് നൽകി വരുന്നു. ഇത് കൂടാതെ ചില്ലറ വിൽപ്പന ശാലകൾ (റീട്ടെയിൽ ഔട്ട്ലെറ്റുകൾ) സ്ഥാപിക്കുവാനും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കർഷകർക്ക് ധനസഹായം നൽകി വരുന്നു.

ജൈവപച്ചക്കറി ഉൾപ്പെടെ കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ സംസ്ഥാനത്തുട നീളം പ്രവർത്തിക്കുന്ന സ്വാശ്രയ കർഷക സമിതികൾ മുഖേനയാണ് വിറ്റഴിക്കുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷപ്പെടുത്തി അവരുടെ ഉൽപന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിന് ഈ കൂട്ടായ വിപണനം വഴി സാധിക്കുന്നു.

സെക്ഷൻ ഓഫീസർ